**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ&ജില്ലാ കളക്ടറുടെ നടപടിക്രമം**

(സാന്നിദ്ധ്യം: എസ്.ഷാനവാസ് , ഐ.എ.എസ്)

വിഷയം : ദുരന്ത നിവാരണം- പൊരിങ്ങൽകുത്ത് ഡാമിൽനിന്നും അധികജലം പുറത്തേക്ക് ഒഴുക്കിവിടുന്നതിനു അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

പരാമർശം: 01 : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡാം സേഫ്റ്റി സബ് ഡിവിഷൻ പൊരിങ്ങൽക്കുത്ത് എന്നവരുടെ 12.09.2020 തിയതിയിലെ DSSP-DB-22/2020-21 /102 നമ്പർ കത്ത്.

02 : കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ 12.09.2020 തീയതിയിലെ മഴപ്രവചനം

03 : സർക്കാരിന്റെ 09.05.2019 തിയതിയിലെ GO.(Rt)No.280/ 2019/DMD നമ്പർ ഉത്തരവ്

04 : കേരള സർക്കാരിന്റെ 2020 ലെ കാലവർഷ - തുലാവർഷ മുന്നൊരുക്ക ദുരന്തപ്രതികരണ മാർഗ്ഗരേഖ (ഓറഞ്ച് ബുക്ക്)

**<u>ഉത്തരവ് നമ്പർ കെ1-4886 / 2020 തിയതി : 12.09.2020</u>**

പൊരിങ്ങൽകുത്ത് ഡാമിലെ നിലവിലെ ജലനിരപ്പ് 423.65 മീറ്ററാണെന്നും, ഡാമിലേയ്ക്കുവരുന്ന നീരൊഴുക്ക് വർദ്ധിക്കുകയാണെങ്കിൽ 423.98 മീറ്ററിനുമുകളിൽവരുന്ന അധികജലം ക്രസ്റ്റ് ഗേറ്റുകൾ തുറന്ന് നിയന്ത്രിക്കേണ്ടിവരുമെന്നും ജലനിരപ്പ് വീണ്ടും കൂടുകയാണെങ്കിൽ 13.09.2020 തീയതി പകൽസമയത്ത് ഒരു സ്ലൂയിസ് ഗേറ്റ് തുറന്ന് ജലം ഒഴുക്കികളഞ്ഞ് 421.50 മീറ്ററിൽ ജലനിരപ്പ് ക്രമീകരിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം ഒന്നുപ്രകാരം പൊരിങ്ങൽക്കുത്ത് ഡാം സേഫ്റ്റി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. പരാമർശം രണ്ടുപ്രകാരം തൃശ്ശൂർ ജില്ലയിലും സമീപജില്ലകളിലും 16.09.2020 തീയതിവരെ കേന്ദ്ര കാലാവസ്ഥവകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ വെള്ളക്കെട്ടുമൂലമുള്ള ഏതൊരു സാഹചര്യത്തേയും ഒഴിവാക്കേണ്ടതും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതും അത്യന്താപേക്ഷിതമാണ്. 2018 ആഗസ്റ്റ് മാസത്തിലെ ശക്തമായ മഴയെതുടർന്നുണ്ടായ വെള്ളക്കെട്ടിന്റെ അനുഭവത്തിലും ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള മുൻകരുതൽ എന്നുള്ള നിലയിലും പൊരിങ്ങൽകുത്ത് ഡാമിൽ നിന്നും അധികജലം തുറന്നുവിടേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർപേഴ്സണും ജില്ലാ കളക്ടറുമായ എസ്.ഷാനവാസ് ഐ.എ.എസ് എന്ന ഞാൻ ദുരന്തനിവാരണ ആക്റ്റ് 2005 ലെ

സെക്ഷൻ 26(2) പ്രകാരം എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് സെക്ഷൻ 30(2)(V),34(a),(b),(c),(d),(e),(f),(g),(h),(i),(j),(k),(m) എന്നിവ പ്രകാരം പൊരുങ്ങൽകുത്ത് ഡാമിലെ ക്രസ്റ്റ് ഗേറ്റുകൾ തുറന്ന് ജലനിരപ്പ് 423.98 മീറ്ററിനുമുകളിൽവരാതെ നിയന്ത്രിക്കുന്നതിനും ജലനിരപ്പ് നിയന്ത്രിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ പകൽസമയത്തുമാത്രം ഡാമിലെ സ്ലൂയിസ് ഗേറ്റുകൾ തുറന്ന് പ്രളയസാധ്യത ഒഴിവാകുന്നതുവരെ അധികജലം പുറത്തേക്ക് ഒഴുക്കിവിടുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ ഇടമലയാറിനു അനുമതി നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പൊരിങ്ങൽകുത്ത് ഡാമിൽ നിന്നും മുകളിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം അധികജലം പുറത്തേക്ക് ഒഴുക്കി വിടുന്നതു മൂലം ചാലക്കുടി പുഴയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുവാനും വെള്ളം കലങ്ങുവാനും സാധ്യതയുള്ളതിനാൽ പുഴയിൽ മത്സ്യ ബന്ധനം മറ്റു അനുബന്ധ പ്രവർത്തികൾ എന്നിവയിൽ ഏർപ്പെടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തികൊണ്ടും ഇതോടൊപ്പം ഉത്തരവാകുന്നു. ഇതിനുള്ള നടപടികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ, പോലീസ് വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട അനുബന്ധ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തപക്ഷം ദുരന്ത നിവാരണ ആക്റ്റ് 2005 ലെ ചാപ്റ്റർ X പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരായിരിക്കും.

ഒപ്പ്
ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &
ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ് :

**എക്സിക്യൂട്ടീവ് എഞ്ചിനീയർ റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ, ഇടമലയാർ**

(ഓരോ 3 മണിക്കൂർ ഇടവേളകളിലും ഡാമിലെ ജലനിരപ്പ് സംബന്ധിച്ച് ജില്ലാ അടിയന്തിര കാര്യനിർവ്വഹണകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. 0487-2362424, 9447074424 -ഇമെയിൽ- deocthrissur@gmail.com)

**പകർപ്പ് :**

1. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ-ദുരന്ത നിവാരണ വകുപ്പ് } ആമുഖ കത്ത് സഹിതം
2. കമ്മീഷണർ, ദുരന്തനിവാരണം } ആമുഖ കത്ത് സഹിതം
3. സംസ്ഥാന അടിയന്തര കാര്യനിർവ്വഹണ കേന്ദ്രം
4. ജില്ലാ കളക്ടർ, എറണാകുളം

5. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി / റൂറൽ ) }- ചാലക്കുടി പുഴയിലെ ജലനിരപ്പ് ഉയരുവാൻ സാധ്യതയുള്ളതിനാൽ അടിയന്തിര സാഹചര്യം നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി
6. സബ് കളക്ടർ, തൃശ്ശൂർ
7. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കട } മേൽ നോട്ടത്തിനായി
8. ഡെപ്യൂട്ടി കളക്ടർ(ഡി.എം), കളക്ടറേറ്റ്, തൃശ്ശൂർ
9. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം),തൃശ്ശൂർ
10. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
11. തഹസിൽദാർ ചാലക്കുടി / മുകുന്ദപുരം / കൊടുങ്ങല്ലൂർ }- ക്യാമ്പ് ഉൾപ്പെടെയുള്ള ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനായി.
12. ജില്ലാ ഫയർ ഓഫീസർ, തൃശ്ശൂർ }- അപകട സാഹചര്യം നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി.
13. സെക്രട്ടറി, ചാലക്കുടി മുനിസിപ്പാലിറ്റി
14. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ }- ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുന്നതിന്
15. ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് } **പൊതുജനങ്ങളും കുട്ടികളും പുഴയിൽ ഇറങ്ങുന്നതിനും പുഴയിൽ കുളിക്കുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടതും ഇത് സംബന്ധിച്ച മുന്നറിയിപ്പ് അനൗൺസ്മെന്റ് മുഖേന ജനങ്ങൾക്ക് നൽകേണ്ടതുമാണ്.**
16. ജില്ലാ ഇൻഫോർമേഷൻ ഓഫീസർ }- ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴി ആവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനായി.
17. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ / ചാലക്കുടി. }- ചാലക്കുടി പുഴയുടെ തീരത്തുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിയന്തിരമായി കർശന നിയന്ത്രണവും സുരക്ഷയും ഏർപ്പെടുത്തേണ്ടതാണ്.
18. ജില്ലാ ടൂറിസം പ്രൊമോഷൻ കൌൺസിൽ, തൃശ്ശൂർ.
19. കരുതൽ ഫയൽ കെ.1

*ഉത്തരവിൻപ്രകാരം,*

*ഡെപ്യൂട്ടി കളക്ടർ (ഡി എം) & സി ഇ ഒ, ജില്ലാ ദുരന്തനിവാരണഅതോറിറ്റി, തൃശ്ശൂർ*